**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 746** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ഭവന നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പുതുക്കാട് പഞ്ചായത്ത് വെങ്ങാല്ലൂർ വില്ലേജിലെ ഇരിങ്ങാലക്കടക്കാരൻ വീട്ടിൽ ശ്രീ. ഐ.എം.മോഹനന് സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള ധനസഹായം അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്

**(ബി)** പ്രസ്തുത അപേക്ഷയിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

**<u>മറുപടി:</u>** ശ്രീ. മോഹനൻ സേഫ് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിലേയ്ക്കായി അപേക്ഷ സമർപ്പിക്കുന്ന ഘട്ടത്തിൽ 800 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകൾക്ക് മാത്രമേ ആനുകൂല്യം അനുവദിക്കാൻ വ്യവസ്ഥ ഉണ്ടായിരുന്നുള്ളൂ.

മേൽ സാഹചര്യത്തിൽ 850 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ടിയാളുടെ ഭവനം സേഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല.

15.09.2026 ലെ സ.ഉ.(സാധാ) നം. 691/2026-പജപവവിവ ഉത്തരവ് പ്രകാരം സേഫ് പദ്ധതിയിൽ നവീകരണം ആവശ്യമുള്ള വീടുകളുടെ വിസ്തീർണ്ണം 800 ചതുരശ്ര അടിയിൽ നിന്നും 1000 ചതുരശ്ര അടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2026-27 സാമ്പത്തിക വർഷം സേഫ് പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അപേക്ഷ സമർപ്പിക്കുവാൻ ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന ശ്രീ. മോഹനന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** പ്രസ്തുത അപേക്ഷയിൽ അനുകൂലമായ സത്വര നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ശ്രീ. മോഹനൻ പുതുതായി അപേക്ഷ സമർപ്പിക്കുന്ന പക്ഷം അപേക്ഷ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**